വാർഷിക മൂല്യനിർണയം 2014-15

MS 8101

www.modelquestionpapers.in

ക്ലാസ് : 8 മലയാളം ആകെ സ്കോർ : 50

സെറ്റ് : എ സമയം : 2 മണിക്കൂർ

അടിസ്ഥാന പാഠാവലി

പൊതു നിർദ്ദേശങ്ങൾ :

- ആകെ 11 ചോദ്യങ്ങളാണ് നൽകിയിരിക്കുന്നത്
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചു മനസ്സിലാക്കിയതിനു ശേഷം മാത്രം ഉത്തരമെഴുതുക
- ആദ്യത്തെ 15 മിനിറ്റ് ചോദ്യം വായിച്ചു മനസ്സിലാക്കാനുള്ളതാണ്
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം

---

1. ശരിയായ രീതിയിൽ ക്രമപ്പെടുത്തുക.

1.	ചെറുശ്ശേരി	മഴതൻ മറ്റേതോമുഖം
2.	സഞ്ജയൻ	മുച്ചീട്ടുകളിക്കാരന്റെ മകൾ
3.	മുഹമ്മദ് ബഷീർ	ഭക്തി (ഗാഥപ്രസ്ഥാനം)
4.	വിജയലക്ഷ്മി	സാഹിത്യനികഷം

2. "ആടിമാസക്കറുപ്പൊന്നു മാത്രം
ആഴക്കടൽപോലകത്തൊതുക്കാം"-
ഈ വരികളിലെ കാവ്യഭംഗി വിശദീകരിക്കുക

3. "ഇതിൽ കാറ്റും വെളിച്ചവും കടക്കണം. ആ ജനൽ അടച്ചിട്ടിരിക്കുന്നതെന്തിന്"? അദ്ദേഹം ജനൽ തുറന്നു. കാറ്റും വെളിച്ചവും അകത്തു കടക്കുകയാണ്. "വെളിച്ചത്തിന് എന്തൊരു വെളിച്ചം" -
ഈ സന്ദർഭം നൽകുന്ന അർത്ഥസാദ്ധ്യതകൾ എന്തെല്ലാമാണെന്നു കണ്ടെത്തി കുറിപ്പു തയ്യാറാക്കുക

4. "വിണ്ണവർവാരണം തന്നുടെ കയ്യോളം
വണ്ണമെഴുന്നുള്ള തുള്ളികളും" -
തുമ്പിക്കയ്യോളം വണ്ണമുള്ള മഴത്തുള്ളി ഉണ്ടാകുമോ? ഈ പ്രയോഗം കവിതയ്ക്ക് നൽകുന്ന ഭംഗി കണ്ടെത്തി എഴുതുക

5. പ്രകൃതിയുടെ രമണീയത നമ്മളെ ആഹ്ലാദിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യാറുണ്ട്. അത്തരത്തിൽ നിങ്ങൾക്കനുഭവപ്പെട്ട ഒരു സന്ദർഭത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

6. വാക്യം ശരിയാക്കി എഴുതുക

ഇലകൾ നിന്നു മുത്തുമണികൾ വീഴുന്നപോലെ മഞ്ഞുതുള്ളികൾ !

7. മകളേ ഈ വെള്ളത്തിന്റെ സന്തോഷം കണ്ടോ? "കൂടുതുറന്നുവിട്ടതുപോലെ" - നമ്മുടെ ജലസമ്പത്ത് ഇന്നു കൂട്ടിലടയ്ക്കപ്പെട്ട അവസ്ഥയിലാണ്. അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തി ലോക ജലദിനത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക
(വെള്ളപ്പൊക്കത്തിൽ, സമൃദ്ധിയെക്ഷാമമാക്കി മാറ്റൽ)

8. "ടീച്ചർ, എൽക്കിനെ കണ്ടുമുട്ടുകയാണെങ്കിൽ അതിന്റെ പുറത്ത് പതുക്കെ ഒരടി കൊടുത്താൽ മതി - അതോടിപ്പോകും". അല്ലെങ്കിൽ വടികൊണ്ട് അതിനെ ഉണർത്തിയാൽ മതി. അടി കിട്ടിയതുകൊണ്ട് ദേഷ്യം വന്ന് അതു നമ്മുടെ കാടുതന്നെ എന്നെന്നേക്കുമായി വിട്ടുപോയാലോ!

സവുഷ്കിന്റെ ഈ കാഴ്ചപ്പാടും പ്രകൃതിയോടുള്ള ഇന്നത്തെ സമൂഹത്തിന്റെ സമീപനവും താരതമ്യം ചെയ്ത് ഒരു ലഘു ഉപന്യാസം തയ്യാറാക്കുക (

9. • മഴയോടും പ്രകൃതിയോടുമുള്ള വേദമാണിക്യത്തിന്റെ അഭിനിവേശം
• മണ്ണിനോടും ഇതര ജീവിവർഗ്ഗത്തോടുമുള്ള ബന്ധം
• ആത്മാർത്ഥത സ്ഫുരിക്കുന്ന വർത്തമാനം
• പഴയകാല കേരളകർഷകന്റെ മാനസികാവസ്ഥ

മുകളിൽ കൊടുത്തിരിക്കുന്ന സൂചനകൾ ചേർത്തുവച്ച് വേദമാണിക്യം എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ വിശദമാക്കുക (

10. ആസ്വാദനക്കുറിപ്പ് തയാറാക്കുക

വെയിലാറുമ്പോൾ - (ഒ.എൻ.വി. കുറുപ്പ്)

വെയിലാറുന്നു, കാഴ്ച മങ്ങുന്നു, കോലായയിൽ
വെറുതേ കാലും നീട്ടി മുത്തശ്ശിയിരിക്കുന്നു.
നിഴലൊന്നനങ്ങുകിൽപ്പോലുമതാരാണെന്നു
മിഴികളാരായുന്നു, ചെത്തങ്ങൾ കാതോർക്കുന്നു.
ഇത്തിരിയല്ലാ കേൾവിക്കുറവെന്നിരുന്നാലും
ശ്രദ്ധിപ്പതനുമാത്രമാരുടെ കാലൊച്ചയൊ
ഓണത്തിനവൻ വന്നീലവധി വേണ്ടേ? പെട്ടെ
ന്നോടിയെത്തുവാ, നടുത്തെങ്ങുമല്ലല്ലോ ജോലി
ഇക്കുറി വിഷുവിനു വരുമെന്നല്ലേ കത്തിൽ
മക്കളുണ്ടടുത്തെങ്കിൽ കണിയെന്തിനു വേറെ?

(കോലായ - വീടിന്റെ മുൻവശം, ചെത്തം - ശബ്ദം,
ആരായുന്നു - അന്വേഷിക്കുന്നു) (

11. ശ്രീനാരായണഗുരു അടക്കിപ്പിടിച്ച ഒരു ചിരിയോടെ കുട്ടിച്ചാത്തന് കത്തെഴുതിക്കൊടുത്തത് എന്തുകൊണ്ടാവാം? അന്ധവിശ്വാസങ്ങളെ യുക്തികൊണ്ട് വിചിന്തനം ചെയ്യേണ്ടതില്ലേ? സ്വാഭിപ്രായം കുറിക്കുക (